**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4576** **10-08-2021 - ൽ മറുപടിയ്ക്ക്**

**ഭിന്നശേഷിക്കാർക്ക് സൗജന്യ തെറാപ്പി ചികിത്സ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി സി വിഷ്ണുനാഥ് | | Dr. R. Bindu<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ഭിന്നശേഷിക്കാരായ കുട്ടികൾക്കും മുതിർന്നവർക്കും നിലവിലെ സാഹചര്യത്തിൽ സർക്കാർ തലത്തിൽ സൗജന്യമായി തെറാപ്പി ചികിത്സ നൽകാൻ കഴിയുമോയെന്ന കാര്യം പരിശോധിക്കുമോ; അതിനുള്ള സൗകര്യങ്ങളും യോഗ്യതയുള്ള ജീവനക്കാരും സർക്കാർ തലത്തിൽ ലഭ്യമാണോയെന്ന് വ്യക്തമാക്കുമോ? | (എ) | സാമൂഹ്യനീതി വകുപ്പിനു കീഴിൽ വിവിധ ജില്ലകളിലായി പ്രവർത്തിക്കുന്ന ഭിന്നശേഷിയുള്ളവർക്കു വേണ്ടിയുള്ള 11 ക്ഷേമ സ്ഥാപനങ്ങളിലെ താമസക്കാർക്ക് 2020 മുതൽ HLFPPT മുഖേന സൗജന്യമായി തെറാപ്പി സേവനങ്ങൾ നൽകിയിരുന്നു. കോവിഡ് വ്യാപനം രൂക്ഷമായതിനാൽ അത് അവസാനിപ്പിക്കുകയും കോവിഡ് പ്രതിരോധ വാക്സിനേഷൻ പൂർത്തിയാകുന്ന മുറയ്ക്ക് താമസക്കാർക്ക് അംഗീകൃത ഏജൻസി മുഖേന സൗജന്യ തെറാപ്പി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചും വരുന്നു. 18 വയസ്സിനു മുകളിലുള്ള കുട്ടികളുടെ വൊക്കേഷണൽ ട്രെയിനിംഗിനായി വകുപ്പ് മുഖാന്തിരം അതിജീവനം എന്ന സമഗ്ര പദ്ധതി നടപ്പിലാക്കി വരുന്നു. ടി പദ്ധതിയുടെ ഭാഗമായി തെറാപ്പി സേവനങ്ങൾ കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. എൻ.ജി.ഒ മുഖാന്തിരമാണ് ടി പദ്ധതി നടപ്പിലാക്കി വരുന്നത്. ആയതിനാൽ എൻ.ജി.ഒയാണ് ഇതിലേക്കുള്ള ഹ്യൂമൻ റിസോഴ്സിനെ തെരഞ്ഞെടുക്കുന്നത്. മാനസിക വളർച്ചയില്ലാത്ത ഭിന്നശേഷിക്കാരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനും, Early Intervention, Development Disability, Rehabilitation എന്നീ മേഖലയിലെ വിദഗ്ധരുടെ സേവനം ഉപയോഗപ്പെടുത്തി കാലിക്കറ്റ് യൂണിവേഴ്സിറ്റി മനഃശാസ്ത്ര വിഭാഗത്തിന്റെ സഹകരണത്തോടെ കണ്ണൂർ, കോഴിക്കോട്, മലപ്പുറം ജില്ലകളിൽ കമ്മ്യൂണിറ്റി ക്ലിനിക്കുകൾ സ്ഥാപിച്ച് 2015-16 മുതൽ നടപ്പാക്കി വരുന്ന പദ്ധതിയാണ് CDMRP (Community Disability Management and Rehabilitation Programme). ഈ പദ്ധതിയിലൂടെ ഡിസെബിലിറ്റി കണ്ടെത്തിയ കുട്ടികൾക്ക് തെറാപ്യൂട്ടിക് സേവനങ്ങൾ ഉൾപ്പെടെയുള്ള സേവനങ്ങളും നൽകി വരുന്നു. കൂടാതെ രക്ഷിതാക്കൾക്കും ഇതിന്റെ പരിശീലനം |

| | | | |
|---|---|---|---|
| | | | നൽകി വരുന്നു. കാലിക്കറ്റ് യൂണിവേഴ്സിറ്റിയിലെ സൈക്യാട്രിക് വിഭാഗത്തിന്റെ നേതൃത്വത്തിലാണ് ടി പദ്ധതി നടപ്പിലാക്കി വരുന്നത്. ഭിന്നശേഷിക്കാർക്ക് വിവിധ സേവനങ്ങൾ നൽകുന്നതിനായി കേരള സാമൂഹ്യസുരക്ഷാ മിഷൻ 'അനുയാത്ര' എന്ന പേരിൽ ഒരു സമഗ്ര പരിപാടി നടപ്പാക്കി വരുന്നു. അനുയാത്രയുടെ ഭാഗമായി നടപ്പാക്കുന്ന വിവിധ പദ്ധതികളിലൂടെ ഭിന്നശേഷിക്കാർക്ക് സൗജന്യമായി തെറാപ്പി നൽകുന്നതിനുള്ള സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്. കുട്ടികൾക്കാണ് ഈ പദ്ധതികളിലൂടെ പ്രധാനമായും തെറാപ്പിയും പരിശീലനങ്ങളും സൗജന്യമായി നൽകിവരുന്നത്. ഫിസിയോ തെറാപ്പി, സ്പീച്ച് തെറാപ്പി, സ്പെഷ്യൽ എഡ്യൂക്കേഷൻ പരിശീലനം തുടങ്ങിയവയാണ് ഈ പദ്ധതികളിലൂടെ സൗജന്യമായി ലഭ്യമാക്കി വരുന്നത്. ഇതിനാവശ്യമായ തെറാപ്പിസ്റ്റുമാരുടെ സേവനം ഈ പദ്ധതികളിലൂടെ ലഭ്യമാക്കിയിട്ടുണ്ട്. നിലവിൽ സൗജന്യമായി തെറാപ്പികൾ നൽകുന്നതിനായി അനുയാത്രയിലൂടെ നടപ്പാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു. 1. റീജിയണൽ ഏർളി ഇന്റർവെൻഷൻ സെന്റർ 2. ഓട്ടിസം സെന്ററുകൾ 3. മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റുകൾ 4. റീജിയണൽ ഓട്ടിസം റീഹാബിലിറ്റേഷൻ ആന്റ് റിസർച്ച് സെന്റർ 5. ആഡിറ്ററി റീ വെർബൽ തെറാപ്പി സെന്റർ |

സെക്ഷൻ ഓഫീസർ